# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 286

12.12.2014-ൽ മറുപടിക്ക്

## തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) നായ്ക്കളുടെ വംശ വർദ്ധനവ് തടയുന്നതിന് വേണ്ടി രൂപ കൽപ്പന നടത്തിയിട്ടുള്ള എ.ബി.സി പ്രോഗ്രാം സംസ്ഥാനത്തെ എല്ലാ നഗരസഭാ പ്രദേശങ്ങളിലും സമയബന്ധിതമായി ഏറ്റെടുത്തു നടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. സംസ്ഥാനത്തെ 5 മുനിസിപ്പൽ കോർപ്പറേഷനുകളിലും എ.ബി.സി പ്രോഗ്രാം നടപ്പുവർഷം തന്നെ ആരംഭിക്കുവാനും മറ്റ് മുനിസിപ്പാലിറ്റികളിൽ സ്വന്തം നിലയിലോ സമീപ ഗ്രാമപഞ്ചായത്തു കളുമായി ചേർന്ന് ക്ലസ്റ്റർ രൂപീകരിച്ച് എ.ബി.സി പ്രോഗ്രാം നടപ്പിലാക്കുന്നതിനുമാണ് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും മറ്റ് സന്നദ്ധ സംഘടനകളുമായി ചേർന്ന് ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ സഹായത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനാണ് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. നഗരമാലിന്യങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ലഭ്യത ഉറവിട മാലിന്യസംസ്ക്കരണ പദ്ധതികളിലൂടെ പരമാവധി കുറച്ചും തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുവാൻ പര്യാപ്തമാകുമെന്നതിനാൽ അതിനുള്ള നിർദ്ദേശങ്ങളും നഗരസഭകൾക്ക് നൽകിയിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| (ബി) | തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന് നഗരസഭകൾ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | എ.ബി.സി (Animal Birth Control) പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടി എന്ന നിലയ്ക്ക് തിരുവനന്തപുരം നഗരസഭയിൽ അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള M/s ഹ്യൂമയിൻ സൊസൈറ്റി ഇൻർനാഷണൽ എന്ന സ്ഥാപനത്തെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കരാർ ഏൽപ്പിക്കുകയും നഗരസഭ പ്രദേശത്തെ തെരുവ് നായക്കളുടെ സെൻസസ് ഇതിനകം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഡിസംബർ മാസത്തിൽ തന്നെ തെരുവ് നായ്ക്കളുടെ വന്ധ്യംകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതരത്തിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. ഇതിനകം തിരുവനന്തപുരം നഗരസഭാ പ്രദേശത്ത് 1766 നായ്ക്കളെ വന്ധ്യംകരണ ശസ്ത്രക്രീയയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ മുനിസിപ്പൽ കോർപ്പറേഷനുകൾ 2014-15 വർഷത്തെ വാർഷിക പദ്ധതിയിൽ എ.ബി.സി പദ്ധതിയ്ക്കായി ഫണ്ട് വകയിരുത്തിയിട്ടുള്ളതാണ്. പദ്ധതി നടത്തിപ്പിന് പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് എല്ലാ നഗരസഭകളും നടപടി സ്വീകരിച്ചിട്ടുണ്ട്.. |
| (സി) | തെരുവു നായ്ക്കളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നഗരസഭയക്ക് നൽകുന്നതെന്ന് വിശദമാക്കുമോ; | (സി) | ആനിമൽ വെൽഫയർ ബോർഡ് മുഖേന എ.ബി.സി പ്രോഗ്രാം നടത്തുന്നതിന് നായ ഒന്നിന് 445 രൂപ കണക്കിൽ ധനസഹായം നൽകുന്നതാണ്. മൃഗസംരക്ഷണ വകുപ്പിലെ ഡോക്ടർമാരുടെ സേവനം നഗരസഭകൾക്ക് വിട്ടുകൊടുക്കുന്നുണ്ട്. നാഷണൽ റാബിസ് കൺട്രോൾ പ്രോഗ്രാമിന്റെ ഭാഗമായി സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികളും വിവിധ സംഘടനകളുടെ പ്രവർത്തനവും വിശദമാക്കുമോ? | (ഡി) | സർക്കാർ എ.ബി.സി പ്രോഗ്രാം നടപ്പാക്കുന്നതിന് ഇതിനകം നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ വകുപ്പ് മൃഗസംരക്ഷണ വകുപ്പും സന്നദ്ധ സംഘടനയായ സത്യസായി ഓർഫനേജ് ട്രസ്റ്റ് എന്നിവയുടെ സംയുക്ത സംരഭമായി കെ.എസ്.യു.ഡി.പി യെ നോഡൽ ഏജൻസിയായി നിയമിച്ച് അനിമൽ ബർത്ത് കൺട്രോൾ & ആന്റി റാബിസ് പദ്ധതിയ്ക്ക് 31.7.14 ലെ സ.ഉ(സാധ)നം.1995/2014/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഈ പദ്ധതിയ്ക്ക് അംഗീകാരം നൽകുകയുണ്ടായി. എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും മേജർ മുനിസിപ്പാലിറ്റികളിലും സ്വന്തം നിലക്ക് പ്രോജക്ടുകൾ രൂപ കൽപന നടത്തി നടപ്പിലാക്കുന്നതിനും മറ്റിടങ്ങളിൽ സഹപഞ്ചായത്തുകളുമായി സംയുക്തമായി ചേർന്ന് എ.ബി.സി പ്രോഗ്രാം നടത്തുന്നതിനുമാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. 2015-16 വർഷത്തിൽ നാഷണൽ റാബീസ് കൺട്രോൾ പ്രോഗ്രാമിന്റെ ഭാഗമായി തിരുവനന്തപുരം,കൊച്ചി, കോഴിക്കോട് എന്നീ ജില്ലകളിൽ ഒരു ലക്ഷം നായ്ക്കളെ വന്ധ്യംകരണം ചെയ്യുന്നതിന് 13/- കോടി രൂപ ചെലവ് വരുന്ന പദ്ധതിക്ക് സംസ്ഥാന പ്ലാനിംഗ് ബോർഡ് രൂപ കൽപ്പന ചെയ്ത് ഫണ്ട് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ